(ബി) ലഭിക്കുന്നില്ല. ഈ ആനുകൂല്യങ്ങൾ സംസ്ഥാനത്തും ലഭ്യമാക്കണമെന്ന സമുദായ സംഘടനയുടെ ആവശ്യം സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിക്കുകയും സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന ഉപദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യം നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഒ.ബി.സി. പട്ടികയിൽ ഉൽപ്പെടുന്നു എന്ന കാരണത്താൽ മാത്രം സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

(സി) ഇക്കാര്യത്തിൽ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കിർതാഡ്സ് മുഖേന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഔദ്യോഗിക രഹസ്യ രേഖയാകയാൽ ലഭ്യമാക്കാൻ നിർവ്വാഹമില്ല.

## ബിമ്മരം ഗിരിജൻ സെറ്റിൽമെന്റ് കോളനി നിവാസികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാൻ നടപടി

128 [3715] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ ബിമ്മരം ഗിരിജൻ സെറ്റിൽമെന്റ് കോളനിയിൽ ഇപ്പോൾ എത്ര കുടുംബങ്ങളാണ് അധിവസിക്കുന്നത്;

(ബി) ഈ കുടുംബങ്ങളിലെ എത്ര കുട്ടികൾ ഏതെല്ലാം ക്ലാസുകളിലാണ് പഠിക്കുന്നത്;

(സി) ആദിവാസി കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഡിപ്പാർട്ട്മെന്റ് നൽകി വരുന്നത്;

(ഡി) ഇവിടത്തെ കോളനി നിവാസികളായ കുട്ടികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഏതുവർഷം വരെ ഇവർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകിയിരുന്നു;

(എഫ്) ഇവരുടെ ജാതി സംബന്ധിച്ച് അന്വേഷണം നടത്തുവാൻ എന്നാണ് കിർത്താഡ്സിനെ ചുമതലപ്പെടുത്തിയത്; ആരുടെയെങ്കിലും പരാതി പ്രകാരമായിരുന്നോ ഈ അന്വേഷണം; എങ്കിൽ ആരുടെ എന്ന് വ്യക്തമാക്കാമോ;

(ജി) കിർത്താഡ്സിന്റെ കണ്ടെത്തലുകളിൻമേൽ പുനരന്വേഷണം നടത്തണമെന്ന് ഈ കോളനിവാസികൾ ആവശ്യപ്പെട്ടിട്ടും സർക്കാർ ഇതിനു തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എച്ച്) സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ ആദിവാസികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതുമൂലം തുടർ വിദ്യാഭ്യാസവും മറ്റും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) കോളനി നിവാസികളുടെ കയ്യിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ ഇവർക്ക് പട്ടികവർഗ്ഗ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റാന്നി താലൂക്കിലെ ബിമ്മരം സെറ്റിൽമെന്റ് കോളനി പട്ടിക വർഗ്ഗ സെറ്റിൽമെന്റ് കോളനിയായി കണക്കാക്കപ്പെട്ടിട്ടില്ല. കിർത്താഡ്സിന്റെ കണക്കുപ്രകാരം 49 കുടുംബങ്ങൾ ഇപ്പോൾ താമസിച്ചുവരുന്നു.

(ബി) വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

(സി) ബിമ്മര നിവാസികളെ ആദിവാസികളായി പരിഗണിച്ചിട്ടില്ല. ആയതിനാൽ ടി കുട്ടികൾക്ക് ആദിവാസി കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ നൽകുവാൻ നിർവ്വാഹമില്ല.

(ഡി) ഇല്ല. ബിമ്മരത്ത് പട്ടികവർഗ്ഗേതര സമുദായത്തിൽപ്പെട്ടവർ കുടിയേറിപ്പാർക്കുന്നുണ്ട്. ഇങ്ങനെ താമസിക്കുന്ന പട്ടികജാതി കുറവൻ സമുദായക്കാരാണ് പട്ടികവർഗ്ഗ ഊരാളിമാരാണെന്ന അവകാശവാദം ഉന്നയിക്കുന്നത്. ഇവിടെ പട്ടിക വർഗ്ഗക്കാർ താമസമുള്ളതായി കണ്ടെത്തിയിട്ടില്ല.

(ഇ) 1991 വരെ പട്ടികജാതി കുറവൻ സമുദായക്കാർക്ക് പട്ടികവർഗ്ഗ ഊരാളി സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ളതായി അവരുടെ നിവേദനങ്ങളിൽ പറഞ്ഞിട്ടുണ്ട്.

(എഫ്) ബിമ്മരം സെറ്റിൽമെന്റിൽ താമസിക്കുന്നവരുടെ ജാതിയെക്കുറിച്ച് 6-11-1995-ൽ ആണ് അന്വേഷണം നടത്താൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയത്. ഇവരുടെതന്നെ പരാതിയെത്തുടർന്നാണ് അന്വേഷണത്തിന് തീരുമാനിച്ചിട്ടുള്ളത്.

(ജി) 1996-ലെ ആക്റ്റ് 11 പ്രകാരം കിർത്താഡ്സിലെ നരവംശ ശാസ്ത്ര വിഭാഗത്തെ ജാതി സംബന്ധമായ അന്വേഷണങ്ങളുടെ വിദഗ്ദ്ധ ഏജൻസിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. സ്റ്റാറ്റ്യൂട്ടറി പദവിയുള്ള ഏജൻസിയുടെ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ വസ്തുതാപരമാണ്. ബിമ്മരത്ത് താമസിക്കുന്ന ഓരോ വ്യക്തിയുടെയും വംശാവലി ഡയറക്റ്ററേറ്റ് ഓഫ് കിർത്താഡ്സ് ശേഖരിച്ചുകഴിഞ്ഞതാണ്. വംശാവലി ശേഖരണ സമയത്ത് പട്ടികവർഗ്ഗ ഊരാളിസമുദായ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നവർ അവരുടെ മാതാപിതാക്കളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ വിസമ്മതിക്കുകയാണ് ഉണ്ടായത്. 1996-ലെ ആക്ട് 11-ലെ സെക്ഷൻ 10-ലെ വ്യവസ്ഥയനുസരിച്ച് മതിയായ തെളിവുകൾ നൽകേണ്ട ബാദ്ധ്യത കക്ഷികൾക്കുണ്ട്. ആയതിനാൽ പുനരന്വേഷണം നടത്തുന്നതിൽ പ്രസക്തിയില്ല.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ ആദിവാസികൾ അല്ല. ആയതിനാൽ ആദിവാസികൾക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾക്ക് ഇവർ അർഹരല്ല.

(ഐ) പട്ടികവർഗ്ഗക്കാരല്ലാത്ത കോളനി നിവാസികൾ ബിമ്മരത്ത് കയ്യേറുന്ന സമയത്ത് അവിടെ പരമ്പരാഗതമായി താമസിച്ചുവന്നിരുന്ന മലൈപണ്ടാരങ്ങൾ, വനം വകുപ്പിന്റെ 'മലങ്കുടി' എന്ന പട്ടികയിലാണ് ഉണ്ടായിരുന്നത്. പട്ടികജാതി-കുറവൻ മലങ്കുടി പട്ടികയിൽ സ്ഥാനം ഉറപ്പിക്കാൻ വേണ്ടി തങ്ങൾ 'മലഊരാളി' സമുദായക്കാരാണെന്ന് രേഖ നൽകുകയുണ്ടായി. ഇങ്ങനെ രേഖ കാണിച്ച് റവന്യൂ വകുപ്പിൽനിന്ന് തെറ്റായി പട്ടികവർഗ്ഗ ഊരാളി സർട്ടിഫിക്കറ്റ് സമ്പാദിക്കുകയാണ് ചെയ്തത്. വ്യാജമായ രൂപത്തിൽ അവർ മന:പൂർവ്വം ഉണ്ടാക്കിയിട്ടുള്ള രേഖയുടെ അടിസ്ഥാനത്തിൽ ഇവരെ പട്ടികവർഗ്ഗക്കാരായി പരിഗണിക്കാനോ ആനുകൂല്യങ്ങൾ നൽകുന്നതിനോ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly